## പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1519 — 07.06.2018 -ൽ മറുപടിയ്ക്ക്

## ചാലക്കുടി റവന്യൂ ടവർനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)** |
| (എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രഖ്യാപിച്ച ചാലക്കുടി റവന്യൂ ടവർ നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) റവന്യൂ ടവറിനുവേണ്ടി ചാലക്കുടി നഗരസഭ നിർദ്ദേശിച്ച പോട്ടയിലെ സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് പ്രത്യേക അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; (സി) ഇതിനായി ചാലക്കുടി നഗരസഭ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തരമായി തീർപ്പുണ്ടാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) & (സി) ചാലക്കുടി നഗരസഭ കൗൺസിലിന്റെ 03.03.2017 ലെ 8-ാം നമ്പർ തീരുമാന പ്രകാരം പോട്ട മിനി മാർക്കറ്റിനായി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തു നിന്നും 1 ഏക്കർ സ്ഥലം റവന്യൂ ടവർ നിർമ്മാണത്തിന് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലൂടെയും (ഖണ്ഡിക 217) മറുപടി പ്രസംഗത്തിലൂടെയും പ്രഖ്യാപിച്ച 25 പദ്ധതികൾ ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചു കൊണ്ട് 16.11.2016-ലെ സ.ഉ(സാ.ധാ) നം.56/2016/ഭവനം നമ്പർ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഈ പദ്ധതികൾ എല്ലാം തന്നെ റവന്യൂ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ആണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും, ബോർഡിനെ എസ്.പി.വി ആക്കി നിയമിക്കേണ്ടതും പദ്ധതികൾക്ക് ഭരണാനുമതി നൽകേണ്ടതും റവന്യൂ വകുപ്പാണ് എന്ന് കിഫ്ബി |

അധികാരികൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതികൾക്ക് (ചാലക്കുടി റവന്യൂ ടവർ ഉൾപ്പെടെ) ഭരണാനുമതി സംബന്ധിച്ച തുടർ നടപടികൾക്കായി ഫയൽ റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Subha S

സെക്ഷൻ ഓഫീസർ